# ‘സത്യനമസ്കാരികൾ’

## യോഹന്നാൻ 4:23-24

“സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നേ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവു ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം.”

ആരാണീ സത്യനമസ്കാരികൾ? ദൈവത്തെ നാമമാത്രമായി ഉപയോഗിക്കുന്നവരല്ല ഇക്കൂട്ടർ മറിച്ചോ ദൈവത്തെ തങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കി അവനിൽ പൂർണ്ണവിശ്വാസത്തോടു കൂടി ഓരോ നിമിഷവും പിന്തുടരുന്നവരായിരിക്കും. അതു മാത്രമല്ല ദൈവവചനം വായിച്ച് ഗ്രഹിച്ച് അതു തങ്ങളുടെ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കൻ ശ്രമിക്കുന്നവരായിരിക്കും ഇവർ.

ഇവിടെ യോഹന്നാൻ നമുക്ക് വ്യക്തമാക്കിത്തരുന്നത് നമ്മുടെ പിതാവാം ദൈവം എന്നു പറയുന്നത് പരിമിതികളുള്ള ഒരു സാധാരണ ദൈവമല്ല മറിച്ച് അവന്റെ സാന്നിധ്യം എന്നു പറയുന്നത് ഒരിക്കലും പരിമിതമല്ല. അവൻ സർവ്വവ്യാപിയും സർവ്വരൂപിയുമായ ദൈവമാണ്. അവൻ എല്ലാം അറിയുന്നവനും, നമ്മെ നാം ആയിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കുന്നവനും ആണ്. അവന്റെ മുമ്പിൽ സകലവും നഗ്നവും മലർന്നതുമായി കിടക്കുന്നു. അവൻ സത്യവാനായ ദൈവമാണ്.

ഈ വചനങ്ങളിൽ വ്യക്തമാക്കുന്നതും അതു തന്നെ, ദൈവം സത്യമായിരിക്കെ, അവനെ പിൻപറ്റുകയും നമസ്കരിക്കുകയും ചെയ്യുന്നവർ അവനെ ആത്മാവിലും സത്യത്തിലും ആരാധിച്ചേ മതിയാകൂ. അവിടെ നമ്മുടേതായ ന്യായവാദങ്ങൾ ഒന്നും നിലനിൽക്കുന്നില്ല. ദൈവത്തെ ചില ആചാരങ്ങളിലേക്കു പരിമിതപ്പെടുത്തുന്ന വെറും “നാമമാത്ര ക്രിസ്ത്യാനികളായി” നമ്മെ കാണുവാൻ അവൻ ആഗ്രഹിക്കുന്നില്ല. ഇങ്ങനെയുള്ളവർ ദൈവത്തെ ഒരു പ്രത്യേക സമയത്തേക്ക് തിരയുകയും അവന്റെ സന്നിധിയിൽ അവന്നു ആരാധന കഴിക്കുകയും ചെയ്ത് കടന്നുപോയി പിന്നീടുള്ള തങ്ങളുടെ ജീവിതത്തിൽ അവർ തോന്നിയതുപോലെ ജീവിക്കുന്നു. എന്നാൽ ഇക്കൂട്ടർ ഒരു കാര്യം മനസ്സിലാക്കുന്നില്ല. അവൻ ആഗ്രഹിക്കുന്നത് നാം അവനെ തിരഞ്ഞ്, അവനെ സ്നേഹിക്കുകയും, അവനെ സേവിക്കുകയും, അവനെ ആരാധിക്കുകയും ചെയ്യണം എന്നുള്ളതാണ്. അവന് ആവശ്യം നമ്മുടെ ഹൃദയമാണ്.

വാസ്തവത്തിൽ അവൻ നമ്മിൽ നിന്ന്, അവനുമായുള്ള ഒരു സ്വകാര്യ ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു കാരണം ഒരിക്കലും അവന്റെ സ്നേഹത്തിനു അർഹരല്ലാതിരുന്ന നമ്മെ അവൻ തന്റെ കൃപയാൽ നമ്മെ സ്നേഹിച്ച്, വീണ്ടെടുത്ത്, നിത്യതക്കായി നിർത്തിയിട്ടുണ്ടെങ്കിൽ, നാം ഇന്ന് ഒരു കാര്യം ഓർക്കണം, നാം ഇതിനൊന്നും കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു.

ആയതിനാൽ ഇനിയും നാം അവനു വേണ്ടി ചെയ്യുന്നതിൽ കണക്കു പറയുന്നവരും അവനെ നാമമാത്രമായി അന്വേഷിക്കുന്നവരും ആയിത്തീരാതെ അവനെ ആത്മാവിലും സത്യത്തിലും ആരാധിച്ച് അവൻ ദാനമായി നൽകിയ നിത്യമായ രക്ഷ നിഷ്ഫലമാക്കാതെ അവന്റെ ഹിതം തിരഞ്ഞു ജീവിക്കാം. അതിന്നു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

**യോഹന്നാൻ 5:24**

"ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."

**ബ്രദർ ബിനു ബേബി ആലപ്പുഴ 046**